മിസ്റ്റർ സി. ആർ. ഇയ്യണ്ണി : സുഖക്കേട് മാറിയിട്ടാണ് ഡിസ് ചാർജ്ജ് (Discharge) ചെയ്യുന്നത്.

മിസ്റ്റർ ജോസ് കെ. വട്ടിസ്സ് : സുഖക്കേട് മാറിയിട്ടുണ്ടോ ഇല്ലയോ എന്നുള്ളതു് പരീക്ഷാർത്ഥം നോക്കുന്നതല്ലേ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: അതെ.

VYPEEN—PALLIPURAM ROAD

4. മിസ്റ്റർ കെ. രാഘവൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ഗവ ൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

വൈപ്പു്-പള്ളിപ്പുറം റോഡു പണിയുടെ പ്രാരംഭജോലികളും വല്ലതും തുടങ്ങിയിട്ടുണ്ടോ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: വൈപ്പു-പള്ളിപ്പുറം റോഡുപണിക്കു് വേണ്ടതായ ഭൂമി അക്വയർ ചെയ്യുന്നതിനുള്ളനടപടികളും എടുത്തു തുടങ്ങിയിട്ടുണ്ടു്.

മിസ്റ്റർ കെ. എ. രാഘവൻ : സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികളും എടുത്തിട്ടു് എത്ര കാലമായി?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ : അക്വിസിഷൻ നടപടി എടുത്തിട്ടു് വളരെ നാളായിട്ടില്ല.

മിസ്റ്റർ കെ. എ. രാഘവൻ : കഴിഞ്ഞകൊല്ലവും ഇതേ ചോദ്യം ചോദിച്ചപ്പോൾ ഭൂമി അക്വയർ ചെയ്യുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ടെന്നു പറഞ്ഞതായി ഓർമ്മയുണ്ടോ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ : ഭൂമി അക്വയർ ചെയ്യുന്നതിനുള്ള പണി പൂർത്തിയായിട്ടില്ല. കഴിയുന്ന വേഗത്തിൽ പണി ആരംഭിക്കുന്നതായിരിക്കുമെന്നു ബഹുമാനപ്പെട്ട മെമ്പറുടെ അറിവിനായി പറഞ്ഞുകൊള്ളുന്നു. റോഡു പണിക്കുള്ള ടെണ്ടർതന്നെ വിളിച്ചു കഴിഞ്ഞു.

5. **Mr. M. I. Paul** *(Narakkal)*: Will Government be pleased to state.—
whether the Government realise that it would be advisable to have the Vypeen-Pallipuram Road connected with Ernakulam city by bridges over the backwaters and if so, what will be the expenditure for the bridges necessary?

Rao Sahib K. Ayyappan *(Minister for Public Works)*: Yes.
Government have ordered the immediate investigation of this scheme. The cost of the scheme can be known only after the investigation is over.

Mr. M. I. Paul *(Narakkal)*: May I know when the scheme will be ready for operation?

Rao Sahib K. Ayyappan *(Minister for Public Works)*: I cannot definitely say when it will be ready for operation.

Mr. M. I. Paul *(Narakkal)*: May I know the approximate time?
Rao Sahib K. Ayyappan *(Minister for Public Works)*: I cannot say now.

WIVES OF GOVERNMENT SERVANTS—STANDING AS CANDIDATES IN ELECTION

6. മിസ്റ്റർ പി. വി. സെബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യത്തിനു് ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

ഉദ്യോഗസ്ഥന്മാരുടെ ഭാര്യമാർക്കു നിയമസഭാ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായി നിന്നുകൂടെന്നുള്ള നിരോധനം എടുത്തു കളയുവാൻ ഗവൺമെണ്ടു് വിചാരിക്കുന്നുണ്ടോ?

റാവു സാഹിബ്ബു് പി. വി. റാഫേൽ: ഇല്ല.

മിസ്റ്റർ ജോസ് കെ. വട്ടിസ്സ് : ഉദ്യോഗസ്ഥകളുടെ ഭർത്താക്കന്മാർക്കു നിയമസഭാ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായി നില്ക്കുവാൻ പാടില്ലെന്നു നിരോധിച്ചിട്ടുണ്ടോ?

റാവു സാഹിബ്ബു് പി. വി. റാഫേൽ : ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly